വാങ്ങാം. അതുകൊണ്ടാണ് ഇതൊക്കെ എടുത്തു കളയണമെന്ന് വിചാരിച്ചത്. അതിനൊരു പുനഃപരിശോധനാ നടപടി ഗവണ്മെന്റിന്റെ മുമ്പിലില്ല.

(7) സാംക്രമിക രോഗങ്ങൾ തടയാൻ നടപടി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെ ഗുരുതരമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. കാലവർഷം ആരംഭിച്ചതിനുശേഷം ജൂൺ, ജൂലൈ മാസങ്ങളിൽ തൃശൂർ ജില്ലയിൽ വൈറൽ ഫീവർ, എലിപ്പനി, മലേറിയ, മഞ്ഞപ്പിത്തം എന്നിവ പിടിപെട്ട് 16 പേർ മരിക്കുകയുണ്ടായി. ജൂലൈ മാസത്തിൽ മാത്രം 13 പേരാണ് തൃശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലായി മരണമടഞ്ഞത്. ജൂൺ മാസത്തിൽ 3 പേർ മരിക്കുകയുണ്ടായി. ഇതിൽ വൈറൽ ഫീവർ പിടിപെട്ട് 9 പേർ മരിച്ചു. എലിപ്പനി പിടിപെട്ട് 2 പേർ മരിച്ചു. മഞ്ഞപ്പിത്തം ബാധിച്ച് 3 പേർ മരിച്ചു. തൃശൂർ ജില്ലയിലെ എല്ലാ സ്വകാര്യ ആശുപത്രികളിലും ഗവണ്മെന്റ് ആശുപത്രികളിലും ഭയാനകമായ രീതിയിലുള്ള ഒരു അന്തരീക്ഷമാണ് ഇപ്പോഴുള്ളത്. ഫാൾസിപാരം മലേറിയ എന്നു പറയുന്നത് വളരെ ഗുരുതരമായ ഒന്നാണ്. ഇപ്പോൾത്തന്നെ തൃശൂർ ജില്ലയിലെ വിവിധ ആശുപത്രികളിലായി 51 പേർ മലേറിയ പിടിപെട്ട് കിടക്കുന്നുണ്ട്. കേരളം മലേറിയ നിർമ്മാർജ്ജനം ചെയ്ത ഒരു സംസ്ഥാനമാണെന്ന് അഭിമാനത്തോടുകൂടിയാണ് നമ്മൾ പറഞ്ഞത്. ഇപ്പോൾ 7 പേർക്കാണ് ഫാൾസിപാരം മലേറിയ പിടിപെട്ടത്. തൃശൂർ ജില്ലയിലെ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സ്വകാര്യ ആശുപത്രികളിലുമായി ആയിരക്കണക്കിനാളുകൾ രോഗം ബാധിച്ചവരായിട്ടുണ്ട്. ഇതിന്റെ ഉൽഭവ സ്ഥാനം കണ്ടെത്തണം. ഇതിന് പ്രതിരോധ നടപടി സ്വീകരിക്കുകയും വേണം. ഇതിനായി അനുവദിക്കുന്ന പണം പോരാ. മറ്റു പല ജില്ലകളേക്കാൾ ഗുരുതരമായ അവസ്ഥയാണ് ഈ കാലവർഷത്തിനുശേഷം തൃശൂർ ജില്ലയിൽ ഉണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ വളരെ ഗൗരവതരമായ ഇടപെടൽ ആരോഗ്യ വകുപ്പിൽനിന്നും ഉണ്ടാകണം. ഇപ്പോഴുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശുഷ്കാന്തിയോടുകൂടി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വളരെ ഗൗരവതരമായ കാര്യമാണ്. പലരും എന്നെ ബന്ധപ്പെട്ടു. എം.എൽ.എ.-യും ബന്ധപ്പെട്ടു. അതുകൊണ്ട് വളരെ ഗൗരവതരമായി ഇക്കാര്യത്തെ നോക്കേണ്ടതുണ്ട്. പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ സംഭവിച്ച റിപ്പോർട്ട് ചെയ്യാത്ത മരണങ്ങൾ വളരെയധികമുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*): സർ, കാലവർഷക്കാലത്താണ് ഇത്തരത്തിലുള്ള സാംക്രമിക രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കാലാവസ്ഥയിൽ പെട്ടെന്ന് വ്യതിയാനം വരുന്നതും കൊതുകുകൾ പെരുകുന്നതു കൊണ്ടുമാണെന്നാണ് പറയുന്നത്. അതുപോലെതന്നെ അനാരോഗ്യകരമായ പരിസരം, മഴ ഇവയൊക്കെയാണ് മലമ്പനി ഉണ്ടാകാൻ കാരണം. മലമ്പനി, ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ സീസൺ വച്ച് വരുന്നതിന് കാരണം ഇതാണ്. എങ്കിലും മുൻ വർഷത്തെ അപേക്ഷിച്ച് തൃശൂർ ജില്ലയിൽ ഈ വർഷം സാംക്രമികരോഗം ബാധിച്ചവരുടെ എണ്ണത്തിൽ കുറവുണ്ട് എന്നാണ് ഔദ്യോഗികമായി ലഭിച്ചിരിക്കുന്ന റിപ്പോർട്ട്. 2004 വർഷത്തിൽ എലിപ്പനിമൂലം മരണമടഞ്ഞവർ 9 ആണ്. ഈ വർഷം അത് 3 ആണ്. മലമ്പനിമൂലം 2004 വർഷത്തിൽ മരണം റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ തവണ ഒരാൾ മരിച്ചു. ഡെങ്കിപ്പനി ബാധിച്ച് കഴിഞ്ഞ വർഷവും ഈ വർഷവും മരണമില്ല. മഴക്കാലത്ത് സാംക്രമിക രോഗങ്ങളുടെ വർദ്ധനവുണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് 2005 ഏപ്രിൽ, മേയ് മാസങ്ങളിൽ ജില്ലാ മെഡിക്കൽ ഓഫീസർ മുതൽ താഴെത്തട്ടുവരെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ ആരംഭിച്ചു. ഇതിൽ തുടർച്ചയായി ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത്-വാർഡ് തലത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഏകോപിപ്പിച്ചുകൊണ്ട് ഇന്റർസെക്ടറൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചു വരുന്നുണ്ട്. ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് തന്നെ 29-6-2005 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്നെ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത Inter-sectoral Co-ordination Committee -യുടെ യോഗത്തിൽ ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പ് തലവൻമാരും പങ്കെടുക്കുകയുണ്ടായി. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിശ്ചയിക്കുകയും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരികയുമാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് 82 ലക്ഷം രൂപയോളം വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. രോഗനിർണ്ണയത്തിനുള്ള ഡയഗ്നോസ്റ്റിക് കിറ്റുകൾ, അത്യാവശ്യ മരുന്നുകൾ, ലബോറട്ടറികളിലേക്ക് ആവശ്യമായ കെമിക്കൽസ്, ബ്ലീച്ചിംഗ് പൗഡർ, കീടനാശിനികൾ എന്നിവയ്ക്കും രോഗപ്രതിരോധ ബോധവൽക്കരണത്തിനുമാണ് ഈ തുക വിനിയോഗിക്കുന്നത്. National Malaria Eradication Programme പ്രകാരം കേരളത്തിൽ മലേറിയ നിർമ്മാർജ്ജനം ചെയ്യാൻ 1965-ൽ തന്നെ കഴിഞ്ഞിട്ടുണ്ടെങ്കിലും അടുത്തകാലത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തുന്നവരിലാണ് 95 ശതമാനവും മലേറിയ കേസുകൾ കണ്ടെത്തിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ മലേറിയമൂലം മരിച്ച ജോർജ് എന്നയാൾ ആസാമിൽ നിന്ന് രോഗം ബാധിച്ച് ഇവിടെ എത്തിയ ആളാണ്. ഫാൾസിപാരം മലേറിയമൂലമാണ് മരണം സംഭവിച്ചതെന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ധാരാളം തൊഴിലാളികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വരുന്നുണ്ട്. ആ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന തൊഴിലാളികളിൽ പലരും മലേറിയ

LIBRARY ARCHIVES Kerala Legislative Assembly

ബാധിച്ച് മലേറിയ അണുക്കളുമായിട്ടാണ് കേരളത്തിലേക്ക് കടന്നുവരുന്നത്. ഇവിടെ എത്തുമ്പോൾ മറ്റ് തൊഴിലാളികൾക്ക് കൂടി രോഗം ബാധിക്കുന്നതായി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്ന് ജോലിക്കായി നമ്മുടെ സംസ്ഥാനത്ത് വരുന്ന തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്ത് രക്ത സാമ്പിളുകൾ പരിശോധിച്ച് ആവശ്യമായ ചികിൽസ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ കിണറുകളിലും ജലാശയങ്ങളിലും ക്ലോറിനേഷൻ നടത്തിയിട്ടുണ്ട്. കൊതുക് നശീകരണത്തിനായി സ്പ്രേയിംങ്, ഫോഗിംഗ്, കൂത്താടികളെ തിന്നുനശിപ്പിക്കുന്ന മൽസ്യങ്ങളെ ജലാശയത്തിൽ നിക്ഷേപിക്കൽ തുടങ്ങിയ പ്രവൃത്തികൾ മിക്കവാറും എല്ലാഭാഗങ്ങളിലും നടത്തിവരുന്നുണ്ട്. താലൂക്ക് ആശുപത്രിവരെയുള്ള എല്ലാസ്ഥാപനങ്ങളിലും രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണ ഒ.പി. കൂടാതെ സംസ്ഥാനത്തൊട്ടാകെ 512 ഫീവർ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഹോട്ടലുകൾ, കശാപ്പുശാലകൾ, പന്നിക്കൂടുകൾ തുടങ്ങിയവയിലെ പരിശോധന കർശനമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗപ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടേയും പത്രമാസികകളിലൂടേയും നടത്തുന്നതിനു പുറമേ വീടുവീടാന്തരം ഇതുസംബന്ധിച്ചുള്ള സന്ദേശം എത്തിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ജില്ലകളിൽനിന്നും ദൈനംദിന റിപ്പോർട്ട് വാങ്ങി അപ്പപ്പോൾ തന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മി. സ്പീക്കർ: അങ്ങേക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ചേ പറയാൻ സാധിക്കൂ. ഗവൺമെന്റിനെ കുറ്റം പറയുന്നതല്ല. സ്ഥിതിഗതികൾ കുറച്ചുകൂടി മോശമാണ്. അങ്ങ് നേരിട്ട് അവിടെ ബന്ധപ്പെട്ടാൽ തരക്കേടില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: നേരത്തെ തന്നെ മൂന്നു മേഖലകളിലായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ച് ഞാൻ തന്നെ അവിടെപ്പോയി ഇത് വിലയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

V. മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly